"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കായംകുളം നഗരസഭയിലെ റിട്ട.ഹെൽത്ത് സൂപ്പർവൈസർ ശ്രീ.പി.വി.ഐസക്ക് ഫയൽ ചെയ്ത ഒ.എ നം.2088/2019 മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 22/10/2019 തീയതിയിലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.1293/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 30/06/2020

---

പരാമർശം:- 1) ശ്രീ.പി.വി.ഐസക്ക് (റിട്ട.ഹെൽത്ത് സൂപ്പർവൈസർ, കായംകുളം നഗരസഭ) സമർപ്പിച്ചിട്ടുള്ള 17/10/2018 തീയതിയിലെ നിവേദനം (അനക്ഷർ - എ3)

2) നഗരകാര്യ ഡയറക്ടറുടെ 25/07/2019 തീയതിയിലെ പി8/12162/2018 നമ്പർ കത്ത് (അനക്ഷർ - എ2)

3) ശ്രീ.പി.വി.ഐസക്ക് (റിട്ട.ഹെൽത്ത് സൂപ്പർ വൈസർ, കായംകുളം നഗരസഭ) ഫയൽ ചെയ്ത ഒ.എ നം.2088/2019 മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 22/10/2019 തീയതിയിലെ വിധിന്യായം.

4) നഗരകാര്യ ഡയറക്ടറുടെ 17/07/2019-ലെ വി1-24182/16 നം കത്ത്, 26/11/2019, 03/02/2020 തീയതികളിലെ പി8/12162/2018 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

കായംകുളം നഗരസഭയിലെ ഹെൽത്ത് സൂപ്പർവൈസർ തസ്തികയിൽ നിന്നും വിരമിച്ച ശ്രീ.പി.വി.ഐസക്കിന്റെ ഡി.സി.ആർ.ജി, ഫുൾ പെൻഷൻ മുതലായ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകുന്നതിന് എതിർകക്ഷികൾക്ക് നിർദ്ദേശം നൽകണമെന്ന ആവശ്യത്തോടെ ടിയാൻ ഫയൽ ചെയ്ത ഒ.എ നം.2088/2019 മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (3) പ്രകാരമുള്ള വിധിന്യായത്തിൽ, സൂചന (1) പ്രകാരമുള്ള അനക്ഷർ-എ3 നിവേദനവും സൂചന (2) പ്രകാരമുള്ള അനക്ഷർ-എ2 റിപ്പോർട്ടും പരിഗണിച്ച്, അപേക്ഷകനെ നേരിൽ കേട്ട് തീരുമാനമെടുക്കുവാൻ ടി കേസിലെ ഒന്നാം എതിർകക്ഷിയായിട്ടുള്ള സർക്കാരിനോട് ബഹു.ട്രൈബ്യൂണൽ നിർദ്ദേശിച്ചിരുന്നു.

2) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ മേൽ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷകനായ ശ്രീ.പി.വി.ഐസക്കിനെ 06/02/2020 ന് നേരിൽ കേട്ടിരുന്നു.

3) നാളിതുവരെ താൽക്കാലികപെൻഷൻ മാത്രമേ തനിക്ക് ലഭിച്ചിട്ടുള്ളുവെന്നും, ഡി.സി.ആർ.ജി, പെൻഷൻ കമ്മ്യൂട്ടേഷൻ എന്നിവ ലഭിച്ചിട്ടില്ലായെന്നും, കായംകുളം നഗരസഭയിൽ ജോലി ചെയ്തുവരവെ നഗരസഭ സെക്രട്ടറി നൽകിയ മെമ്മോ പ്രകാരമുള്ള എല്ലാനടപടികളും അവസാനിപ്പിച്ചിട്ടുള്ളതും ആയത് നഗരകാര്യവകുപ്പ് ഡയറക്ടറെ അറിയിച്ചിട്ടുള്ളതുമാണെന്നും,

ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സ്പഷ്ടീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് നഗരകാര്യവകുപ്പ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളതാണെന്നും, ആയതിന് ഇതുവരെ മറുപടി ലഭിച്ചിട്ടില്ലാത്തതിനാൽ 2017-ൽ വിരമിച്ച ടിയാന് നാളിതുവരെ പെൻഷൻ ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ലാത്തതാണെന്നും, സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം ഡി.സി.ആർ.ജി, പെൻഷൻ കമ്മ്യൂട്ടേഷൻ എന്നിവ തീരുമാനിച്ച് തന്നിട്ടുള്ളതാണെന്നും , ആയതിനാൽ ഇക്കാര്യത്തിൽ നഗരകാര്യവകുപ്പ് ഡയറക്ടർക്ക് അടിയന്തരനിർദ്ദേശം നൽകി ടിയാന് ഫുൾപെൻഷനും ഡി.സി.ആർ.ജിയും അനുവദിക്കുന്നതിനുള്ള സത്വരനടപടി സ്വീകരിക്കണമെന്നും ശ്രീ.പി.വി.ഐസക്ക് ബോധിപ്പിച്ചിരുന്നു..

4 ) ശ്രീ.പി.വി.ഐസക്കിന്റെ പേരിലുള്ള കേസ് നഗരസഭ യുമായി ബന്ധപ്പെട്ടതല്ലെന്നും ടി കേസുമായി ബന്ധപ്പെട്ട് നഗരസഭയ്ക്ക് യാതൊരുവിധ സാമ്പത്തികനഷ്ടങ്ങളും ഉണ്ടായിട്ടില്ലെന്നും ടിയാന്റെ കേസ് തികച്ചും വ്യക്തിപരമായതിനാൽ ടിയാന്റെ പേരിൽ നഗരസഭ കൈക്കൊണ്ട ശിക്ഷാനടപടികൾ എല്ലാംതന്നെ നഗരസഭ തീർപ്പാക്കിയിട്ടുണ്ട് എന്നും കായംകുളം നഗരസഭസെക്രട്ടറിയുടെ 08.07.2019-ലെ ജി2-19682/16 നം റിപ്പോർട്ട് പ്രകാരം നഗരകാര്യഡയറക്ടറെ അറിയിച്ചിരുന്നുവെന്നും ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ.പി.വി.ഐസക്കിന്റെ പെൻഷൻ ആനുകൂല്യങ്ങൾ പൂർണ്ണതോതിൽഅനുവദിക്കുന്നത് സംബന്ധിച്ച് സർക്കാരിൽനിന്നും സ്പഷ്ടീകരണം നല്കണമെന്നും പരാമർശം (2) പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

5 ) ശ്രീ.പി.വി.ഐസക്കിന്റെ പേരിൽ പത്തനംതിട്ട ജില്ലയിൽ അടൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവന്നിരുന്ന ക്രൈം 2060/16, u/s-279,337,338 IPC & 185 MV Act പ്രകാരമുള്ള കേസ് 25.10.2016 തീയതിയിൽ ബഹു.കോടതിയിൽ സമർപ്പിച്ചിട്ടുള്ളതും ആയത് CC 3743/16 ആയി വിചാരണയിൽ ഇരിക്കുന്നതുമാണെന്നും ക്രൈം 2061/16 u/s 294(b),506(1),353,332 IPC പ്രകാരമുള്ള കേസ് 21.8.2016 തീയതിയിൽ ബഹു.കോടതിയിൽ സമർപ്പിച്ചിട്ടുള്ളതും ആയത് CC 3316/16 വിചാരണയിൽ ഇരിക്കുന്നതുമാണെന്നും ടിയാൻ 2.8.2016-ൽ മദ്യപിച്ച് അനിയന്ത്രിതമായി വാഹനം ഓടിച്ചതിന്റെ പേരിൽ ക്രൈം നം.2060/16, u/s-279,337,338 IPC & 185 MV Act പ്രകാരവും ക്രൈം നം.2061/16 u/s 294(b),506(1),353,332 IPC പ്രകാരവും കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും ടിയാനെ അടൂർ ജുഡീഷ്യൽ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ്മുമ്പാകെ ഹാജരാക്കിയിട്ടുള്ളതും ബഹു.കോടതിയിൽനിന്നും റിമാൻഡ് അനുവദിച്ച് പത്തനംതിട്ട സബ് ജയിലിൽ പാർപ്പിച്ചിരുന്നതുമാണെന്നും തുടർന്ന് ടിയാനെ സർവ്വീസിൽ നിന്നും നഗരസഭസെക്രട്ടറി സസ്പെൻഡ് ചെയ്തിരുന്നതുമാണെന്നും, മേൽ സംഭവം നടന്നത് അവധി ദിവസമായതിനാൽ സർവ്വീസ് സംബന്ധമായ കേസ് അല്ലാത്തതും നഗരസഭ കക്ഷി അല്ലാത്തതുമാണെന്നും, എന്നാൽ നിലവിൽ ടിയാനെതിരെ വകുപ്പ്തല അച്ചടക്കനടപടികൾ ഇല്ലാത്തതും നഗരസഭയ്ക്ക് ഭാവിയിൽ സാമ്പത്തികബാദ്ധ്യതകൾ വരാത്തതുമാണെന്നും പരാമർശം (4) പ്രകാരം നഗരകാര്യവകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

6 ) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സർക്കാരിന്റെ Conduct Rules, 1960 പ്രകാരം എല്ലാ ക്രിമിനൽ നടപടികളും ഒരു സർക്കാർ ജീവനക്കാരന് വിലക്കപ്പെട്ടതാണ്. ടി ചട്ടത്തിന്റെ വെളിച്ചത്തിൽ അവധി ദിവസങ്ങൾ പരിഗണിക്കാതെ തന്നെ 24 മണിക്കൂറും സമയകാലഭേദമില്ലാതെ ഒരു സർക്കാർ ജീവനക്കാരൻ സദ് സ്വഭാവം (good conduct ) നിലനിർത്തുന്നതിന് പ്രതിജ്ഞാബദ്ധനാണ്. കൂടാതെ, കെ എസ് ആർ ഭാഗം 3 ചട്ടം 2(a) പ്രകാരം 'Future good conduct shall be an implied condition of every grant of pension' എന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. അച്ചടക്ക നടപടി ഒരു അർദ്ധ ജുഡീഷ്യൽ നടപടി

ആയതിനാൽ അതിന്റെ തീർപ്പ് എപ്രകാരം ആയിരിക്കണമെന്ന് തീരുമാനിക്കേണ്ടത് ശിക്ഷണാധികാരിയായ നിയമനാധികാരിയാണ്. കോടതി ടിയാനെ കുറ്റവിമുക്തനാക്കിയാൽ മാത്രമേ ടിയാനെതിരെയുള്ള അച്ചടക്കനടപടി അവസാനിപ്പിക്കുവാനും സാധിക്കുകയുള്ളൂ. ആയതിനാൽ, ശ്രീ.പി.വി.ഐസകിനെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കിയ നഗരസഭയുടെ നടപടി നിയമപരമായി നിലനിൽക്കുന്നതല്ല. അതോടൊപ്പം, 30.12.2002 തീയതിയിലെ സ.ഉ(അ) നം.803/2002/ധന ഉത്തരവ് പ്രകാരം, ജുഡീഷ്യൽ പരിഗണനയിലിരിക്കുന്ന കേസുകൾ തീർപ്പാകുന്നത് വരെ കേസിൽ ഉൾപ്പെട്ട സർക്കാർ ജീവനക്കാരന് താൽക്കാലിക പെൻഷന് മാത്രമേ അർഹതയുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുള്ളതുമാണ്.

7) മേൽ സാഹചര്യത്തിൽ, കായംകുളം നഗരസഭയിലെ ഹെൽത്ത് സൂപ്പർവൈസർ തസ്തികയിൽ നിന്നും വിരമിച്ച ശ്രീ.പി.വി.ഐസക്കിനെതിരെയുള്ള അച്ചടക്കനടപടി അവസാനിപ്പിച്ച നഗരസഭയുടെ നിയമവിരുദ്ധമായ നടപടിക്രമം റദ്ദ് ചെയ്യുവാനും, വകുപ്പുതല അച്ചടക്ക നടപടി നേരിടുന്ന പെൻഷൻകാർക്ക് ചട്ടം 3(A) ഭാഗം 3, കെ.എസ്.ആർ പ്രകാരം അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചതിനു ശേഷം മാത്രമേ ഡി.സി.ആർ.ജി, കമ്മ്യൂട്ടേഷൻ എന്നിവ നൽകുവാൻ വ്യവസ്ഥയുള്ളൂ എങ്കിലും വിരമിച്ച തീയതി മുതൽ ടിയാന്റെ യോഗ്യമായ സർവ്വീസിന്റെ അടിസ്ഥാനത്തിൽ അനുവദനീയമായ പരമാവധി പെൻഷനിൽ കവിയാത്ത ഒരു താൽക്കാലിക പെൻഷൻ അനുവദിക്കുവാനും ആവശ്യമായ നടപടി സ്വീകരിക്കുവാൻ നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

8) മേൽപ്പറഞ്ഞ പ്രകാരം പരാമർശം (3)-ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAISY PAUL
**അണ്ടർ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കായംകുളം നഗരസഭ
ശ്രീ.പി.വി.ഐസക്ക്, റിട്ട.ഹെൽത്ത് സൂപ്പർവൈസർ, കായംകുളം നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ